ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇതു സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

(ഡി) സംസ്ഥാന വിജിലൻസ് വകുപ്പ്.

അഷ്ടമുടി ടൂറിസ്റ്റ് കേന്ദ്രം

23 [50] ശ്രീ. തോപ്പിൽ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടി ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കണമെന്ന നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ കായലോരങ്ങൾ മനോഹരമാക്കാനുള്ള പദ്ധതിയുടെ ഭാഗമായി കായലിലൂടെ ടൂറിസ്റ്റുകൾക്കായി ലക്ഷ്വറി ബോട്ടു സർവീസ് നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതി കേന്ദ്ര ഗവൺമെൻറിന്റെ സഹായത്തോടെ നടപ്പാക്കാനാണുദ്ദേശിക്കുന്നത്. ഇതു നടപ്പിലാക്കുമ്പോൾ അഷ്ടമുടിയുടെ പ്രാധാന്യവും കണക്കിലെടുക്കുന്നതാണ്.

കോഴിക്കോട്ടെ ഗവൺമെൻറ് ഗസ്റ്റ് ഹൗസ്

24 [51] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ട് ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഗവൺമെൻറ് ഗസ്റ്റ് ഹൗസിനോടനുബന്ധിച്ച് ഒരു അഡിഷണൽ കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) എത്ര രൂപയാണ് ഇതിന് മതിപ്പുചെലവ് കണക്കാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിന്റെ പണി എന്നു തുടങ്ങും ?

ഉത്തരം

(എ) ഉണ്ട്.

(ബി), (സി) ഇതിനുവേണ്ടി 40.35 ലക്ഷം രൂപ മതിപ്പു ചെലവു വരുന്ന എസ്റ്റിമേറിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) താമസിക്കാതെ പണി ആരംഭിക്കുവാനുള്ള നടപടി എടുത്തു വരുന്നു.

മോസ്കോ യുവജനമേള

25 [52] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മോസ്കോ യുവജനമേളയിൽ കേരളത്തിൽനിന്നും ആരെല്ലാമാണ് പങ്കെടുത്തത്;

(ബി) അവർ ഏതെല്ലാം സംഘടനകളെയാണ് പ്രതിനിധീകരിച്ചത്;

(സി) ഏതു മാനദണ്ഡമനുസരിച്ചാണ് തിരഞ്ഞെടുപ്പ് നടത്തിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി) മോസ്കോ യുവജനമേളയ്ക്ക് ഗവൺമെൻറിൽ നിന്ന് ആരെയും തിരഞ്ഞെടുത്ത് അയച്ചിട്ടില്ല. അതുകൊണ്ട് അതേക്കുറിച്ചുള്ള വിശദവിവരങ്ങൾ ഗവൺമെൻറിൽ ലഭ്യമല്ല.

ദേശീയപതാക ഉയർത്താത്ത സംസ്ഥാനത്തെ സർക്കാർ ആഫീസുകൾ

26 [53] ശ്രീ. ലോനപ്പൻനമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഇൻഡ്യൻ സ്വാതന്ത്ര്യദിനത്തിൽ ദേശീയപതാക ഉയർത്താത്ത സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ ഏതെങ്കിലുമുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാം;

(സി) ഇതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി) സ്വാതന്ത്ര്യദിനത്തിൽ ഏതെങ്കിലും സർക്കാരാഫീസിൽ ദേശീയപതാക ഉയർത്താതിരുന്നതായി ഗവൺമെൻറിന് അറിവില്ല.

പത്രപ്രവർത്തകർക്കുവേണ്ടിയുള്ള പെൻഷൻ പദ്ധതി

27 [55] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകർക്കുവേണ്ടി ഒരു പെൻഷൻ പദ്ധതി ആവിഷ്കരിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വ്യവസ്ഥകൾ മേശപ്പുറത്തു വയ്ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly